**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5696** **08-11-2021 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻകാർക്ക് ലഭിക്കുന്ന പെൻഷൻ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എത്ര ജീവനക്കാർ നാളിതുവരെ വിരമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സ്പാർക്ക് ഡേറ്റാ ബേസ് പ്രകാരം പ്രാൺ നമ്പറിൽ ഉൾപ്പെടുകയും 01.11.2021 ന് മുൻപ് വിരമിയ്ക്കുകയും ചെയ്ത 1396 പേരാണ് ഉള്ളത്. |
| (ബി) | വിരമിച്ച ജീവനക്കാർക്ക് പദ്ധതി പ്രകാരം ലഭിച്ച ആകെ തുക എത്രയാണെന്നും ഓരോ മാസവും ലഭിക്കുന്ന ആന്വിറ്റി തുക എത്രയാണെന്നും അറിയിക്കാമോ; | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക. പ്രസ്തുത തുക ഏത് അന്വിറ്റി സർവ്വീസ് പ്രൊവൈഡറിന് കീഴിൽ നിക്ഷേപിക്കണമെന്നത് വിരമിച്ച ജീവനക്കാരന്റെ തീരുമാനമാണ്. |
| (സി) | (സി) സംസ്ഥാന സർക്കാരിന് കീഴിൽ സേവനമനുഷ്ഠിച്ച വിരമിക്കുന്ന പങ്കാളിത്ത പെൻഷൻകാർക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷൻ തുക സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ പക്കൽ ഉണ്ടോ എന്ന് അറിയിക്കാമോ? | (സി) | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം നിക്ഷേപിക്കുന്ന തുക എത്രയാണോ അതിനനുസൃതമായ റിട്ടേൺ ആണ് പ്രതിമാസം ലഭ്യമാകുക. പ്രസ്തുത തുക ഏത് അന്വിറ്റി സർവ്വീസ് പ്രൊവൈഡറിന് കീഴിൽ നിക്ഷേപിക്കണമെന്നത് വിരമിച്ച ജീവനക്കാരന്റെ തീരുമാനമാണ്. |

സെക്ഷൻ ഓഫീസർ